6. ബേക്കൽ ടൂറിസം വികസനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമുള്ള പദ്ധതികൾ.

(ബി) 1. മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികളിൽ ദേശീയ പാത വികസനത്തിനായി ലഭിച്ച തുക ചുവടെ ചേർക്കുന്നു.

1998 - 1999	85.70 കോടി രൂപ
1999 - 2000	152.10 കോടി രൂപ
2000 - 2001	110.64 കോടി രൂപ
ആകെ	348.44 കോടി രൂപ

2. ബേക്കൽ ടൂറിസം വികസനത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി ഒഴികെയുള്ള മേൽപ്പറഞ്ഞ പദ്ധതികൾക്കെല്ലാം ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിക്കുന്നതിനായിട്ടാണ് സമർപ്പിച്ചിട്ടുള്ളത്.

(ഡി) ദേശീയപാത വികസന പദ്ധതിക്ക് 348.44 കോടി രൂപയും ബേക്കൽ ടൂറിസം വികസന പദ്ധതിക്ക് 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

വിളപ്പിൽശാലയിലെ ജൈവവള നിർമ്മാണ ഫാക്ടറി

22 (*170) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വിളപ്പിൽശാലയിൽ സ്ഥാപിച്ചിരിക്കുന്ന ജൈവവള നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം തദ്ദേശവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സ്ഥലവാസികളുടെ പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) ഉണ്ട്.

(ബി) ഫാക്ടറിയുടെ പ്രവർത്തനം നിമിത്തം ആരോപിക്കപ്പെടുന്ന പരിസ്ഥിതി മലിനീകരണത്തെപ്പറ്റി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം പഠനം നടത്തിയിട്ടുണ്ട്. 21-11-2000-ൽ ഫാക്ടറി പരിസരം പരിശോധിച്ചു ഫാക്ടറിയുടെ പ്രോസസിംഗ്‌ യാർഡിന് പുറത്ത് ചപ്പുചവറുകൾ ചിതറി കിടക്കുന്നതിലും

LIBRARY ARCHIVES Kerala Legislative Assembly

ഇവ മഴയത്ത് മഴവെള്ളത്തോടൊപ്പം ഒലിച്ച് സമീപത്തുള്ള തോടുകളിൽ എത്തുന്നതിലും, ഫാക്ടറിയിൽ ശേഖരിച്ചിരിക്കുന്ന ചപ്പുചവറിൽ നിന്ന് ഒലിച്ചിറങ്ങുന്ന മലിനജലം ശേഖരിച്ച് പുനരുപയോഗിക്കാനായി സ്ഥാപിച്ച പമ്പ് പ്രവർത്തനക്ഷമമല്ലായെന്നും, ചപ്പുചവറിന്മേൽ ഈച്ച പെരുകുന്നതായും അവ തിന്നാൻ വരുന്ന പക്ഷികളുടെ ശല്യം കുറയ്ക്കാൻ വലകൾ, സ്ഥാപിച്ചിരിക്കുന്നതിലെ പാക പിഴവുകൾ നിമിത്തം, കാര്യക്ഷമമല്ല എന്നും, ടയർ, പ്ലാസ്റ്റിക് മുതലായ ചപ്പുചവറുകൾ ഫാക്ടറിക്ക് പുറത്ത് തുറസ്സായസ്ഥലത്ത് ശേഖരിച്ചിരുന്നതായും പെയ്തൊഴുകുന്ന മഴവെള്ളം അവയിൽക്കൂടി പുറത്തേയ്ക്ക് ഒഴുകി തോട്ടിലെത്താനിടയുള്ളതായും, ഫാക്ടറിയിൽ ജനറേറ്റർ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം അനുവദനീയമായ പരിധിയിൽ കൂടുതലാണെന്നും കാണുകയുണ്ടായി.

(സി) ഫാക്ടറിയുടെ പ്രവർത്തനം പരിസ്ഥിതി മലിനീകരണം ഉണ്ടാകാത്തവിധം മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് നൽകിയിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കാൻസർ നിർമ്മാർജ്ജന പരിപാടി

23 (*171) ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കാൻസർ രോഗികൾ ഉണ്ട് ;

(ബി) പ്രതിവർഷം ഇവരുടെ എണ്ണത്തിൽ എന്തു വർദ്ധനവ് ഉണ്ടാകുന്നുണ്ട് ;

(സി) കാൻസർ ചികിത്സയ്ക്ക് ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങൾ നിലവിലുണ്ട് ;

(ഡി) സംസ്ഥാനത്ത് ഒരു കാൻസർ നിർമ്മാർജ്ജന പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉദ്ദേശം 32000 കാൻസർ രോഗികളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

(ബി) വർഷംതോറും രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് വരുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല.

(സി) സർജറി, റേഡിയോതെറാപ്പി, കീമോതെറാപ്പി, ഹോർമോൺ തെറാപ്പി എന്നിവയാണ് പ്രധാന ചികിത്സകൾ.

---

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[28-2-2001-ലെ നക്ഷത്ര ചിഹ്നമിട്ട 22 (*170)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്

1. ചപ്പുചവറിൽ നിന്ന് ഒലിച്ചിറങ്ങുന്ന മലിനജലം പ്രത്യേകം ശേഖരിച്ച് പ്രോസസിംഗിന് പുനരുപയോഗം ചെയ്യാനായി പമ്പു ചെയ്യുക.

2. ഫാക്ടറി പരിസരത്തു നിന്നുള്ള മഴവെള്ളം പ്രത്യേകം ടാങ്കുകളിൽ ശേഖരിച്ച് മാലിന്യവിമുക്തമാക്കിയതിനുശേഷം നിർമ്മാർജ്ജനം ചെയ്യുക.

3. ട്രക്കുകൾ കഴുകുവാൻ ഉപയോഗിക്കുന്ന ജലം ഉപയോഗശേഷം ശേഖരിച്ച് പ്രോസസിംഗിന് ഉപയോഗിക്കുക.

4. പ്രോസസിംഗ് യാർഡിനു ചുറ്റും നൈലോൺ വലകൾക്കുപകരം ഇരുമ്പുനെറ്റു സ്ഥാപിച്ചു പക്ഷികളുടെ ശല്യം ഒഴിവാക്കുക.

5. ചപ്പുചവറിന്മേൽ ഈച്ച ശല്യം ഒഴിവാക്കാൻ തളിക്കുന്ന ലായനിയുടെയും തുടർന്ന് ബാക്ടീരിയ പ്രവർത്തനം നടത്താനായി തളിക്കുന്ന ലായനിയുടെയും ഡോസേജ് ക്രമീകരിക്കുക.

6. ചപ്പുചവറിൽ നിന്ന് വേർതിരിച്ചെടുക്കുന്ന പ്ലാസ്റ്റിക്, ഗ്ലാസ്, റബ്ബർ മുതലായവ മേൽക്കൂരയോടു കൂടിയ പ്രത്യേകം ഷെഡ്ഡുകളിൽ ശേഖരിച്ച് ആവശ്യക്കാർക്ക് നൽകുക.

7. ഫാക്ടറി ഷെഡ്ഡിനുള്ളിൽ മഴവെള്ളം കയറാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തുക.

8. കാന്റീനിൽ നിന്നുള്ള പാഴ്ജലം ശേഖരിച്ച് പ്രോസസിംഗിന് ഉപയോഗിക്കുക.

LIBRARY ARCHIVES Kerala Legislative Assembly